# മുഹമ്മദ് നബി ഹൈന്ദവ ബൗദ്ധ പ്രവചനങ്ങളിലൂടെ

പ്രഫ. എം. അബ്ദുൽ അലി

**സിന്ധു** എന്ന പദത്തിന്റെ പേർഷ്യൻ ശബ്ദമാണ് ഹിന്ദു. ഹിന്ദുയിസം സിന്ധുയിസമാണ്. ഇറാനിയൻ ഭാഷയിൽ സ എന്നത് ഹ ആയി മാറുന്നു. ഇന്ത്യ എന്ന പദം യൂറോപ്യൻമാർ ഗ്രീക്കുകാരിൽനിന്ന് കടമെടുത്തതായിരിക്കണം. യൂറോപ്യൻ സംസ്കാരത്തിന്റ ഊടും പാവുമായി വർത്തിച്ചിരുന്നത് ഗ്രീക്ക്-ലാറ്റിൻ സംസ്കാരമായിരുന്നുവല്ലോ. ഗ്രീക്കിൽ ഇന്ദിക എന്നാണ് വിളിച്ചിരുന്നത്. ഗ്രീക്കുകാർക്ക് ഈ പദം കിട്ടിയത് പേർഷ്യക്കാരിൽനിന്നുമായിരുന്നു.

എന്നാൽ ഹിന്ദുവിന്റെ വൈദേശികമായ ഉൽപത്തി നിരാകരിക്കുന്ന ഭാഷാ ശാസ്ത്രജ്ഞന്മാരുമുണ്ട്. അവരുടെ വീക്ഷണത്തിൽ 'ഹിന്ദു' ഒരു ശുദ്ധ സംസ്കൃത സംജ്ഞതന്നെയാണ്. അവരുടെ അഭിപ്രായത്തിൽ, ഹിം+ ദ+ ഉ= ഹിന്ദു, ഹിം=ഹിമാലയം, ദ= ദക്ഷിണം, ഉ= ഉദധി (സമുദ്രം).

ഹിമാലത്തിനും ദക്ഷിണ സമുദ്രത്തിനും ഇടയിലുള്ളത് എന്നർഥം.

ഇത്തരുണത്തിൽ ഏറെ പ്രസക്തമായ മറ്റൊരു വസ്തുത കൂടി നാം മനസ്സിലാക്കുന്നത് നന്നായിരിക്കും. പുരാണങ്ങളും വേദങ്ങളും ഉപനിഷത്തുകളും തുടക്കത്തിൽ, അറബി ഭാഷയെപ്പോലെ വലതു ഭാഗത്തുനിന്ന് എഴുതപ്പെടുന്ന ഫഹ്‌ലവി ലിപിയായിരുന്നു. ഇന്ന് സിന്ധി ഭാഷാ ലിപി, അറബി അക്ഷരങ്ങളെ പോലെയാണ് കാണപ്പെടുന്നത്.

ബ്രാഹ്മണാധിപത്യത്തിന്റെ അതിപ്രസരത്തിൽ ഫഹ്‌ലവി, സംസ്കൃത ലിപിയിലേക്ക് തിരിഞ്ഞുപോവുകയാണുണ്ടായത്. സിന്ധു നദീതട സംസ്കാരത്തിലെ ലിപി (Indus Script) ഇതുവരെ വായിക്കാൻ കഴിഞ്ഞിട്ടില്ല. ആ ഗൂഢാക്ഷര വ്യാഖ്യാന ശ്രമത്തിലാണ് ഇൻഡോളജിസ്റ്റുകൾ വ്യാപൃതരായിരിക്കുന്നത്. അത് വ്യാഖ്യാനിക്കപ്പെടുമ്പോൾ, ഇന്ത്യൻ സംസ്കാരം നേരിടുന്ന പല പ്രതിസന്ധികളും തരണം ചെയ്യപ്പെടുമെന്ന ശുഭാപ്തി വിശ്വാസത്തിലാണ് അവരിപ്പോൾ.

സംസ്കൃതപഠനം ഒരാഡംബരമല്ല. ആ ഭാഷ നമ്മുടെ ഏറ്റവും മഹത്തായ ഏകദേശീയ പൈതൃകമാകുന്നു. ഇന്ത്യയുടെ ഓരോ പ്രദേശവും ഈ ഭാഷക്ക് സംഭാവനകൾ നൽകിയിട്ടുണ്ട്. ഇൻഡോ ഇറാനിയൻ ഭാഷാ കുടുംബത്തിൽനിന്ന് രണ്ടായിരം വർഷങ്ങൾക്കു മുമ്പ് വടക്കു പടിഞ്ഞാറെ ഇന്ത്യയിൽ, രൂപംകൊണ്ട് ഒരു ഭാഷയാണിത്. ഇൻഡോ ഇറാനിയൻ ആകട്ടെ, ഇൻഡോ യൂറോപ്യൻ ഭാഷയിൽനിന്നാണ് ജന്മം പൂണ്ടത്. സംസ്കൃതഭാഷ ആദ്യമായി ഉപയോഗിക്കപ്പെട്ടത് വേദങ്ങളിലാണ്.

ഇന്ത്യൻ സംസ്കാരത്തിന്റെ ചുരുളുകളോരോന്നും അഴിച്ച്, സൂക്ഷ്മദൃഷ്ട്യാ സ്രോതസ്സുകളെ വിശ്ലേഷിപ്പിക്കുന്ന ഒരു ചരിത്ര വിദ്യാർഥിയുടെ സത്വര ശ്രദ്ധ പതിയേണ്ട ഒരു വസ്തുതയുണ്ട്- പുരാണങ്ങളെ, വേദങ്ങൾ സത്യസാക്ഷ്യപ്പെടുത്തുന്നു എന്നതാണത്. ഇതിൽനിന്ന് പുരാണങ്ങൾ പുരാതനവും വസ്തുനിഷ്ഠവും ആധികാരികവുമാണെന്നു വരുന്നു.

ചതുർവേദങ്ങളിൽ, ഋഗ്വേദത്തോളം പഴക്കമുള്ള ഗ്രന്ഥം വേറെയില്ലല്ലോ. ആ ഋഗ്വേദത്തിലും അഥർവവേദത്തിലും പുരാണങ്ങളെപ്പറ്റിയുള്ള പരാമർശം എങ്ങനെയുണ്ടായി? ഛാന്ദോഗ്യോപനിഷത്തിലും പുരാണങ്ങളെപ്പറ്റിയുള്ള പരാമർശം നമുക്ക് കാണാൻ കഴിയും. ഇതിൽനിന്ന് മനസ്സിലാകുന്നത് വേദങ്ങളെപ്പോലെതന്നെ പുരാണങ്ങളും ദൈവികവെളിപാടുകളാണെന്നാണ്. ഒരുപക്ഷേ വേദകാലത്തോ അല്ലെങ്കിൽ വേദങ്ങൾക്ക് മുമ്പോ ആയിരിക്കാം അവ വെളിവാക്ക

പ്പെട്ടത്. ഇന്ത്യയുടെ മത സാഹിത്യത്തിൽ പുരാണങ്ങൾക്ക് അതുല്യമായ ഒരു സ്ഥാനമാണുള്ളത്. അവക്ക് മഹാഭാരതത്തിനു തുല്യമായി പഞ്ചമവേദസ്ഥാനം നൽകിയിരിക്കുന്നു.

വേദത്തിൽ പുരാണങ്ങളെപ്പറ്റി പരാമർശിച്ചിട്ടുണ്ടെങ്കിലും ഇന്ന് നിലവിലുള്ള പുരാണങ്ങൾ ബി.സി 600–നും എ.ഡി 400–നും ഇടക്കുള്ളതാണ്. പതിനെട്ട് മഹാപുരാണങ്ങളും ഏതാണ്ട് അത്രയും തന്നെ ഉപപുരാണങ്ങളും ഉണ്ടെന്ന് പറയപ്പെടുന്നു. മിക്കവാറും പുരാണങ്ങൾ അവയുടെ ഒരു സൂചിക നൽകുന്നുണ്ട്. ബ്രഹ്മം, പദ്മം, വിഷ്ണു, വായു, ഭാഗവതം, നാരദീയം, മാർക്കണ്ഡേയം, അഗ്നി, ഭവിഷ്യം, ബ്രഹ്മവൈവർത്തം, വാരാഹം, ലിംഗം, സ്കാന്ദം, വാമനം, കൂർമം, മാത്സ്യം, ഗാരുഢം, ബ്രഹ്മാണ്ഡം.

ഏതാണ്ട് നൂറ് ഉപപുരാണങ്ങളുടെ പേരുകൾ ശേഖരിക്കപ്പെട്ടിട്ടുണ്ടെങ്കിലും അവയിൽ പതിനഞ്ച് എണ്ണം പോലും ലഭ്യമല്ല.

പ്രപഞ്ചോൽപത്തിയെപ്പറ്റി പലവിധത്തിലും പുരാണങ്ങൾ പ്രതിപാദിക്കുന്നുണ്ട്. ബ്രഹ്മം സർവതിനെയും സൃഷ്ടിക്കുന്നു. ബ്രഹ്മം അഥവാ വിഷ്ണു സർവതിനെയും രക്ഷിക്കുന്നു. ബ്രഹ്മം രുദ്രന്റെ രൂപത്തിൽ സർവത്തെയും നശിപ്പിക്കും. പതിനാല് മന്വന്തരങ്ങൾക്ക് തുല്യമാണ്, ബ്രഹ്മാവിന്റെ ഒരു ദിവസം. പ്രപഞ്ചഘടനാശാസ്ത്രവും പുരാണങ്ങൾ ഉൾക്കൊള്ളുന്നു. മിക്കവാറും എല്ലാ പുരാണങ്ങളിലും വിഷ്ണുവിന്റെ പത്ത് അവതാരങ്ങളെപ്പറ്റിയുള്ള പ്രസ്താവമുണ്ട്. ഒമ്പതവതാരങ്ങളും ആവിർഭവിച്ചു മറഞ്ഞുകഴിഞ്ഞിരിക്കുന്നു.

ഈ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ മാത്രമാണ് പുരാണങ്ങളുടെ ചരിത്രപരമായ പ്രാധാന്യം തെളിയിക്കപ്പെട്ടത്.

ആചാര്യന്മാരിൽനിന്ന് കേട്ടു പഠിച്ച ജ്ഞാനമായതുകൊണ്ടാണ് വേദത്തിന് ശ്രുതി എന്ന പേര് സിദ്ധിച്ചത്. കേട്ടതിനെ ഓർത്തുപറയുന്നത് സ്മൃതി എന്ന പേരിലാണ് അറിയപ്പെടുന്നത്. ഋഷിമാർ തങ്ങളുടെ സ്മരണയിൽനിന്ന് എഴുതിയ കാര്യങ്ങളായതുകൊണ്ടാണ്, ധർമശാസ്ത്രങ്ങളെ സ്മൃതികൾ എന്നു പറയുന്നത്.

പുരാണങ്ങളുടെ പൗരാണികത്വം ചരിത്രയാഥാർഥ്യമാണെങ്കിലും ചില ആധുനിക ഹിന്ദു പണ്ഡിതന്മാർക്ക് പുരാണങ്ങളോടുള്ള അവഗണനാമനോഭാവം എന്തുകൊണ്ടാണെന്ന് അന്വേഷിക്കുമ്പോൾ, വ്യക്തമാകുന്ന ഒരു വസ്തുതയുണ്ട്. പുരാണങ്ങളിൽ മുഹമ്മദ് നബിയെപ്പറ്റിയുള്ള ധാരാളം പ്രവചനങ്ങൾ ഉണ്ട് എന്നതാണത്. ഋഷിമാരെ അനുസരിക്കുന്നതിനു പകരം, പുരാണങ്ങളെ പറ്റെ തള്ളുകയാണവർ ചെയ്യുന്നത്. എന്നാൽ വേദങ്ങൾ വ്യക്തമായും പുരാണങ്ങളെ അംഗീകരിക്കുന്നു എന്നത് ഒരു യാഥാർഥ്യമത്രെ. പുരാണങ്ങൾ, വേദങ്ങൾ പോലെത്തന്നെ ദൈവിക വെളിപാടുകളുടെ അടിസ്ഥാനത്തിൽ ഉണ്ടായവയാണ്. എന്നാൽ നിലവിലുള്ള പുരാണങ്ങൾ വേദങ്ങൾ പരാമർശിക്കുന്ന പുരാണങ്ങളല്ല. യഥാർഥ പുരാണങ്ങൾ നഷ്ടപ്പെട്ടിരിക്കാം. ഈ യാഥാർഥ്യം ശങ്കരാചാര്യർ, 'ശാരീരിക' ഭാഷ്യത്തിൽ ഉദ്ധരിച്ചിട്ടുള്ള മന്ത്രങ്ങളിൽനിന്ന് ഗ്രഹിക്കാവുന്നതാണ്. 'യുഗങ്ങളുടെ അന്ത്യത്തിൽ വേദങ്ങളും ഇതിഹാസങ്ങളുമെല്ലാം തീരെ അന്തർധാനം ചെയ്തു. അവ പിന്നീട് ബ്രഹ്മാവിന്റെ നിർദേശത്തോടെ മഹർഷിമാർ തപസ്സ് ചെയ്തു വശമാക്കി.'

വേദങ്ങളിൽ ഇടക്കിടെ കാണുന്ന ഇതിഹാസകഥകളിൽനിന്നാണ് പിൽക്കാലത്ത് ഇതിഹാസങ്ങൾ കെട്ടിപ്പടുക്കപ്പെട്ടത്.

നാം ഇവിടെ ശ്രദ്ധാപൂർവം മനസ്സിലാക്കേണ്ട ഒരു വസ്തുതയുണ്ട്. പരശ്ശതം ആൾക്കാർ ഭക്തിപുരസ്സരം വായിക്കുകയും പഠിക്കുകയും ജീവിതത്തിൽ പകർത്തുകയും ചെയ്തിരുന്ന പുരാണങ്ങളും വേദങ്ങളും പൂർണമായും ഭൂമുഖത്തുനിന്ന് തിരോധാനം ചെയ്തു എന്നത് ശരിയാവാൻ സാധ്യതയില്ല. അതേസമയം വേദങ്ങൾ യാതൊരു തകരാറും കൂടാതെ ഇവിടെ നിലനിന്നു എന്നതും ശരിയല്ല.

മുഹമ്മദ് നബിയെപ്പറ്റിയുള്ള പരാമർശങ്ങൾ പിൽക്കാലത്ത് കൂട്ടിച്ചേർത്തതാണെന്ന് പറയാറുണ്ട്. ഇത് അടിസ്ഥാനരഹിതമാണ്. പുരാണങ്ങളിലെ നബിയെപ്പറ്റിയുള്ള പരാമർശങ്ങളും പ്രവചനങ്ങളും വ്യക്തമായും പുലരുന്നത് കണ്ടപ്പോൾ സത്യത്തോട് ആഭിമുഖ്യമില്ലാത്ത പണ്ഡിറ്റുകൾ, പുരാണങ്ങൾ അടിസ്ഥാനരഹിതങ്ങളാണെന്ന് ആക്ഷേപം ഉയർത്തുകയാണുണ്ടായത്.

കൂടാതെ ഹിന്ദു പണ്ഡിറ്റുകൾ, ഒരു സ്ഥലത്ത് സമ്മേളിച്ച്, നബിയെപ്പറ്റിയുള്ള പ്രവചനങ്ങൾ കൂട്ടിച്ചേർത്തതാണെന്ന വാദവും തികച്ചും ബാലിശമാണ്. ബ്രാഹ്മണരുടെ ഇടയിലുള്ള വ്യത്യസ്ത വിഭാഗങ്ങൾ സ്വന്തം മതത്തെ അപകടപ്പെടുത്തിക്കൊണ്ട്, നബിയെപ്പറ്റിയുള്ള പരാമർശങ്ങൾ പുരാണങ്ങളിലും വേദങ്ങളിലും ഉൾപ്പെടുത്തി എന്നു വിചാരിക്കാനും ന്യായമില്ല. ഈ അടിസ്ഥാനത്തിൽ ഹിന്ദു സഹോദരന്മാർ ഈ പ്രശ്നത്തെ സഗൗരവം വീക്ഷിക്കേണ്ടതുണ്ട്.

ഋഗ്വേദ നിർമാണകാലം ഒരു തർക്ക വിഷയമാണ്. മാക്സ് മുള്ളറെയും മറ്റും പിന്തുടർന്ന് ബി.സി 2000–നും 1500–നും ഇടയിലാണ് അതിന്റെ നിർമിതി എന്ന അഭിപ്രായമുള്ളവരാണ് പാശ്ചാത്യ പണ്ഡിതന്മാർ. യാക്കൊബി മാത്രം 7500 കൊല്ലം പഴക്കം പറയുന്നുണ്ട്. ലോക മാന്യ തിലകൻ പറയുന്നത് ചില ഋഗ്വേദ മന്ത്രങ്ങൾക്ക്, പതിനായിരത്തോളം കൊല്ലം പഴക്കമുണ്ടെന്നാണ്. ആര്യസമാജ സ്ഥാപകനായ സ്വാമി ദയാനന്ദന്റെ അഭിപ്രായത്തിൽ വേദങ്ങൾ വെളിപ്പെടുത്തപ്പെട്ടത് 1310 മില്യൻ വർഷങ്ങൾക്ക് മുമ്പാണ്! മഹാത്മാ തിലകൻ തന്റെ Artic home in the vedas-ൽ പറയുന്നത്, ഋഗ്വേദത്തിന് 4000 വർഷങ്ങളിലധികം പഴക്കമില്ലെന്നാണ്.

ഇത്രയും പഴക്കം അവകാശപ്പെടാവുന്ന വേദങ്ങളിൽ പരാമൃഷ്ടമായ പുരാണങ്ങളുടെ പൗരാണികത്വം നമുക്ക് ഊഹിക്കാവുന്നതാണ്. ഇത്തരുണത്തിൽ മറ്റൊരു വസ്തുത കൂടി മനസ്സിലാക്കേണ്ടിയിരിക്കുന്നു. ബഹുഭൂരിഭാഗം ഹിന്ദുക്കളും പുരാണങ്ങളെ വേദങ്ങൾ സത്യസാക്ഷ്യപ്പെടുത്തുന്നുണ്ടെന്ന് വിശ്വസിക്കുന്നവരാണ്.

രാമായണം ഇതിഹാസമാണ്. ആദികാവ്യമാണ്. ഒരു ധർമശാസ്ത്രമാണ്. ഇതിൽ ഏഴ് കാണ്ഡങ്ങളും അഞ്ഞൂറ് സർഗങ്ങളും ഇരുപത്തിനാലായിരം ശ്ലോകങ്ങളുമുണ്ട്. ഗായത്രിയിലെ ഇരുപത്തിനാല് അക്ഷരങ്ങളിൽ ഓരോന്നുകൊണ്ടാണ് ഓരോ ആയിരവും ആരംഭിക്കുന്ന

തെന്ന് പറയപ്പെടുന്നു. വാൽമീകിയാൽ വിരചിതമായ താണ് രാമായണം.

തൊണ്ണൂറായിരം ശ്ലോകങ്ങളും പതിനെട്ട് പർവങ്ങളുമടങ്ങിയ സുദീർഘ കാവ്യമാണ് മഹാഭാരതം. വൈഷ്ണവ മതത്തിന്റെ സാരമായിട്ടുള്ള ഭഗവത്ഗീത മഹാഭാരതത്തിന്റെ ഒരു ഭാഗമായിട്ടാണ് കണക്കാക്കപ്പെടുന്നത്.

വൈദികമായ ശിക്ഷക്കും ധർമാചരണത്തിനും അപക്ഷയം വരുമ്പോൾ വേദമൂർത്തിയായ ബ്രഹ്മാവ്, തദുദ്ധാരണാർഥം വ്യാസനായി മനുഷ്യകുലത്തിൽ അവതരിക്കുന്നു എന്നാണ് പുരാണവചനം. വൈവസ്വതമനുവിൽനിന്ന് ഉത്ഭവിച്ച, സോമവംശജരാജാക്കന്മാരുടെ ചരിത്രമാണ് മഹാഭാരതത്തിൽ പ്രതിപാദിക്കുന്നത്.

വ്യാസൻ എന്ന പദത്തിന് വിസ്താരം എന്നർഥം. മനസ്സിന് പരിപൂർണ വികാസം കൈവന്നവൻ അഥവാ ബുദ്ധിക്ക് വിശാലതയുള്ളവൻ വ്യാസൻ. വേദങ്ങളെ നാലായി വ്യസിച്ചവൻ വ്യാസൻ. മനുഷ്യജീവിതത്തെക്കുറിച്ച് എത്രയും വിസ്തരിച്ച് എഴുതിയതുകൊണ്ട് വ്യാസൻ എന്ന പേരുണ്ടായി. ഭാഗവതവും വ്യാസകൃതം തന്നെ.

വ്യാസൻ എന്നത് ഒരു വ്യക്തിയുടെ പേരല്ലെന്നും ഒരു സ്ഥാനപ്പേരായിരിക്കണമെന്നും ഊഹിക്കുന്നവരുണ്ട്.

വേദഗ്രന്ഥങ്ങളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളുടെ സിദ്ധാന്തീകരണമാണ് വേദാന്തം. വേതത്തിന്റെ അന്തം. അറിവിന്റെ അവസാനം എന്നൊക്കെ ഇതിനർഥമുണ്ട്. വേദങ്ങളുടെ അന്ത്യഭാഗത്താണ് ഉപനിഷത്തുകൾ വരുന്നത്. അതുകൊണ്ടാണവയെ വേദാന്തം എന്നു പറയുന്നത്.

വിഷ്ണു, ദ്വാപരയുഗത്തിൽ കൃഷ്ണ ദ്വൈപായനനായി, അഥവാ വ്യാസനായി, വേദത്തെ ഋഗ്, യജുസ്, സാമം, അഥർവം എന്നീ ചതുർവേദങ്ങളായി വിഭജിക്കുകയും തന്റെ ശിഷ്യപരമ്പരയിലെ പൈലൻ, വൈശൻ, മായനൻ, ജൈമിനി, യാജ്ഞവൽക്യൻ, സുകർമാൻ തുടങ്ങിയ ഋഷികൾ അവയെ ഓരോ സംഹിതകളാക്കുകയും ചെയ്തുവെന്ന് വിശ്വസിക്കപ്പെടുന്നു. പഴക്കം കുറഞ്ഞതെന്ന് പറയപ്പെടുന്ന അഥർവത്തിൽതന്നെ പകുതിയോളം ഋഗ്വേദ മന്ത്രങ്ങളാണ് ഉള്ളത്.

## വ്യാസമഹർഷിയുടെ പ്രവാചകസ്നേഹം

വീരാരാധന ഹിന്ദുക്കളുടെ ഒരു പ്രധാന അനുഷ്ഠാനമായി പിൽക്കാലത്ത് മാറുകയുണ്ടായി. ഹിന്ദുക്കൾക്ക് വ്യാസമഹർഷിയോടുള്ള ബഹുമാനം സീമാതീതമാണ്. പതിനെട്ട് വാല്യങ്ങളുള്ള പുരാണങ്ങൾ അദ്ദേഹത്തിന്റെ ഏറ്റവും വലിയ ക്രോഡീകരണമാണ്. അതിൽ പ്രധാനപ്പെട്ടതാണ് ഭവിഷ്യപുരാണം. ഇതിൽ വ്യാസമഹർഷി വരാനിരിക്കുന്ന കാര്യങ്ങളെപ്പറ്റി വിശദമായി വിവരിക്കുന്നുണ്ട്. ഭാവികാര്യങ്ങളെപ്പറ്റി പറയുന്നതുകൊണ്ടാണ് ഭവിഷ്യപുരാണം എന്ന പേർതന്നെ അതിനു കിട്ടിയത്. വ്യാസമഹർഷി അത് ക്രോഡീകരിക്കുക മാത്രമാണ് ചെയ്തത്.

താഴെ പറയുന്ന പ്രവചനങ്ങൾ ഉൾക്കൊള്ളുന്ന ഭവിഷ്യപുരാണം ബോംബെയിലെ വെങ്കിടേശ്വര പ്രസ്സിൽ അച്ചടിച്ചതാണ്. താഴെ പറയുന്ന പ്രവചനം പ്രതിസർഗ പർവം 111:3,3:5–8ൽ നമുക്ക് കാണാൻ കഴിയും:

"മ്ലേഛനായ (വിദേശ ഭാഷ സംസാരിക്കുന്ന വിദേശി) ഒരു ധാർമികാചാര്യൻ തന്റെ ശിഷ്യന്മാരോടുകൂടി വരും. അദ്ദേഹത്തിന്റെ പേര് മുഹമ്മദ് എന്നായിരിക്കും. രാജാവ് (ബോജ്) ദൈവിക ബോധനം ലഭിച്ച ഈ മഹാദേവ അറബിയെ പഞ്ചഗവ്യയിലും ഗംഗാജലത്തിലും സ്നാനം ചെയ്യിപ്പിച്ചു പാപമുക്തനാക്കിയ ശേഷം തന്റെ ആത്മാർഥമായ അഭിവാദനങ്ങൾ അർപ്പിക്കുന്നു. അതിനുശേഷം അദ്ദേഹം പറയുന്നു: മാനവകുലത്തിന്റെ അഭിമാനമേ! മരുഭൂനിവാസീ! പിശാചിനെ നിഹനിക്കാനായി, വൻശക്തി അങ്ങു സംഭവിച്ചിരിക്കുന്നു. മ്ലേഛ ശത്രുക്കളിൽനിന്നും അങ്ങ് സംരക്ഷിക്കപ്പെട്ടിരിക്കുന്നു. സർവശക്തനായ ദൈവത്തിന്റെ പ്രതിരൂപമേ! ഞാൻ അങ്ങയെ അനുസരിക്കുന്ന ഒരു ശിഷ്യൻ മാത്രം!"

മുഹമ്മദ് നബിയെപ്പറ്റിയുള്ള ഈ സ്തുതിഗീതത്തിൽ വ്യാസ മഹർഷി താഴെ പറയുന്ന കാര്യങ്ങൾ വ്യക്തമാക്കിയിരിക്കുന്നു: 1. നബിയുടെ പേര് മുഹമ്മദെന്ന് വ്യക്തമായും പ്രസ്താവിച്ചിരിക്കുന്നു. 2. അദ്ദേഹത്തിന്റെ രാജ്യം മണലാരണ്യമായ അറേബ്യയാകുന്നു. സ്തുതിഗീതത്തിലെ മരുസ്ഥലം, അറേബ്യൻ മരുഭൂമിയെ സൂചിപ്പിക്കുന്നു. 3. നബിയുടെ ശിഷ്യഗണങ്ങളെ പ്രത്യേകം എടുത്തുപറഞ്ഞിരിക്കുന്നു. മുഹമ്മദ് നബിക്കുള്ളത്ര സഖാക്കൾ മറ്റൊരു പ്രവാചകന്നും ഉണ്ടായിരുന്നില്ല. 4. ദൈവിക സംരക്ഷണം കാരണം അദ്ദേഹം എല്ലാ പാപങ്ങളിൽനിന്നും മുക്തനായിരിക്കും. 5. ഇന്ത്യൻ രാജാവ് അദ്ദേഹത്തെ ആദരിക്കും. 6. ബിംബാരാധന അദ്ദേഹം അവസാനിപ്പിക്കും. 7. ശത്രുക്കളിൽനിന്ന് അത്ഭുതകരമാംവണ്ണം ദൈവം അദ്ദേഹത്തെ രക്ഷിക്കും. 8. സർവശക്തനായ ദൈവത്തിന്റെ യഥാർഥ അടിമയായിരിക്കും നബി. 9. മഹർഷി അദ്ദേഹത്തെ ബഹുമാനിക്കും. 10. മനുഷ്യകുലത്തിന്റെ അഭിമാനമായി അദ്ദേഹം കണക്കാക്കപ്പെടും.

വ്യാസമഹർഷിയുടെ മറ്റൊരു പ്രവചനം ഭവിഷ്യപുരാണത്തിലെ 10 തൊട്ട് 27 വരെയുള്ള ശ്ലോകങ്ങളിൽ കാണാം. അവ ഇങ്ങനെ സംഗ്രഹിക്കാം:

"മ്ലേഛന്മാർ പ്രസിദ്ധമായ അറബ് രാജ്യം നശിപ്പിച്ചിരിക്കുന്നു. ആര്യധർമം അവിടെ എവിടെയും കാണുന്നില്ല. 'ബ്രഹ്മ' എന്ന വിശേഷണത്തോടെ പ്രസിദ്ധനായ മുഹമ്മദിനെ പൈശാചിക ശത്രുക്കളുടെ മാർഗദർശനത്തിനായി അയച്ചിരിക്കുന്നു. അദ്ദേഹം പൈശാചിക ശത്രുക്കളെ ശുദ്ധീകരിക്കുന്ന തിരക്കിലാണ്."

"എന്റെ പിൻഗാമി ചേലാകർമം ചെയ്യുന്നവരായിരിക്കും. അവർ കുടുമ (pigtail) വെക്കുന്നവരായിരിക്കുകയില്ല. താടിവളർത്തും. വിപ്ലവം സൃഷ്ടിക്കും. പരസ്യമായി പ്രാർഥനയിലേക്ക് ക്ഷണിക്കും. പന്നി മാംസം ഒഴിച്ചുള്ള മിക്ക മാംസവും ഭക്ഷിക്കും. ശുദ്ധീകരിക്കാൻ ഏതെങ്കിലും കുറ്റിച്ചെടികളെ ആശ്രയിക്കുന്നതിനു പകരം, തീക്ഷ്ണമായ സമരത്തിലൂടെ (ജിഹാദിലൂടെ) അവർ ശുദ്ധീകരണം ആഗ്രഹിക്കും. അസാന്മാർഗിക വ്യവസ്ഥിതിയെ എതിർക്കുന്ന അവർ മുസ്‌ലിംകൾ എന്നാണ് വിളിക്കപ്പെടുക. മാംസഭുക്കുകളുടെ തത്ത്വസംഹിതയിലെ അംഗമാകുന്നു ഞാൻ."

ഈ പ്രവചനത്തിൽ വ്യാസമഹർഷി താഴെ പറയുന്ന കാര്യങ്ങൾ വ്യക്തമാക്കിയിരിക്കുന്നു:

1. ഇസ്‌ലാമിനു മുമ്പുള്ള, അസാന്മാർഗിക ജീവിതത്തിൽ ആപതിച്ചുപോയ അറബികളെ മനസ്സിലാക്കിത്തരുന്നു. 2. ആര്യധർമം അറേബ്യയിൽ അപ്രത്യക്ഷമായിരിക്കുന്നു. 3. നബിയുടെ ശത്രുക്കൾ അബ്രഹത്ത് നശിച്ചപോലെ നശിക്കും. 4. സത്യത്തിന്റെ ശത്രുക്കളെ മാർഗദർശനം ചെയ്യാൻ വരുന്ന മുഹമ്മദിന് ബ്രഹ്മ എന്ന പ്രത്യേക പേര് നൽകപ്പെടും. പ്രഹ്മ എന്ന സംസ്കൃതപദത്തിന് സ്തുതിഗീതം എന്ന അർഥവും ഉണ്ട്. മുഹമ്മദ് എന്ന പദത്തിന് 'സ്തുതിക്കപ്പെട്ടവൻ' എന്നർഥം ഉള്ളത് സ്മരണീയമാണ്. അദ്ദേഹം തന്റെ രാഷ്ട്രനിർമാണത്തിൽ സദാ ജാഗരൂകനായിരിക്കും. 5. അറബികളുടെ രാജ്യത്തേക്കുപോകാൻ ഇന്ത്യൻ രാജാവ് ഭയപ്പെടുന്നു. എന്നാൽ അദ്ദേഹത്തെ ഇന്ത്യയിൽ വെച്ചുതന്നെ ശുദ്ധീകരിക്കാവുന്നതാണ്. മുസ്‌ലിംകൾ ഇന്ത്യ കീഴടക്കും. 6. നബി(സ) യുടെ ആഗമനം വികലമായ ആര്യൻ വിശ്വാസങ്ങളെ ശരിവെക്കുന്നതോടെ, അതിൽ കടന്നുകൂടിയ പുത്തൻ ആചാരങ്ങളിലേക്ക് വിരൽ ചൂണ്ടുകയും ചെയ്യും. 7. നബിയുടെ അനുയായികൾ, ചേലാകർമം നടത്തും, താടി വളർത്തും, കുടുമ വെക്കുകയില്ല. ലോക ചരിത്രത്തിൽ വിപ്ലവാധ്യായങ്ങൾ സൃഷ്ടിക്കും. 8. ഈ പുതിയ മതത്തിൽ നിഗൂഢങ്ങളായി ഒന്നും തന്നെ ഉണ്ടായിരിക്കുകയില്ല. പ്രാർഥനക്കു ഉച്ചത്തിൽ ജനങ്ങളെ ക്ഷണിക്കുകയും ചെയ്യും. 9. പന്നിമാംസം നിഷിദ്ധമായിരിക്കും. 10. സ്വന്തം ശരീരത്തോടുള്ള ജിഹാദാണ് ഏറ്റവും വലിയ ജിഹാദെന്ന് പ്രഖ്യാപിച്ചു. നബിയുടെ അനുയായികൾ വിപ്ലവത്തിലൂടെ -ജിഹാദിലൂടെ മതപ്രബോധനം നടത്തും. 11. ഈ പ്രത്യേകതയോടെ ലോകത്തുവരുന്നവർ മുസ്‌ലിംകൾ എന്ന നാമധേയത്തിൽ അറിയപ്പെടും.

'മ്ലേഛ' എന്ന പദപ്രയോഗം, മേൽപറഞ്ഞ ശ്ലോകത്തിൽ നിരന്തരം ഉപയോഗിച്ചതു കാണാം. പ്രഥമ ദൃഷ്ട്യാ ഈ പദം ചീത്ത അർഥം ദ്യോതിപ്പിക്കുന്നുണ്ടെങ്കിലും, വ്യാസമഹർഷി തീരെ ഭിന്നമായ അർഥത്തോടുകൂടിയാണ് ഈ പദം ഉപയോഗിച്ചിട്ടുള്ളതെന്ന കാര്യം വ്യക്തമത്രെ.

ഭവിഷ്യൽപുരാണം പേജ് 256,257-ൽ മ്ലേഛ എന്ന പദത്തിന് അദ്ദേഹം കൊടുത്ത വിശദീകരണം ശ്രദ്ധിക്കുക: 'ധാർമിക ഔന്നത്യവും ബുദ്ധികൂർമതയുമുള്ള സൽക്കർമകാരിയും ദൈവദാസനുമാണ് വിവേകിയായ മ്ലേഛൻ.'

ആര്യന്മാരെയും സെമിറ്റുകളെയും ലോകത്തുള്ള മുഴുവൻ മനുഷ്യവംശത്തെയും ഉദ്ധരിക്കാൻ അറേബ്യയിൽ ജാതനായ ജഗദ്ഗുരുവായിരുന്നു മുഹമ്മദ് നബി.

മേൽ പ്രവചനത്തിലെ 'ആര്യധർമം' ഏറ്റവും പരിശുദ്ധമാണെന്നാണല്ലോ മനസ്സിലാകുന്നത്. ആര്യവംശങ്ങൾക്ക് യഥാർഥ ധർമം വെളിപ്പെടുത്തിയ കാലത്ത് അത് പരിശുദ്ധമായിരുന്നെന്ന കാര്യത്തിൽ സംശയമില്ല. പിൽക്കാലത്ത് ബ്രാഹ്മണരുടെ കൈകടത്തലുകൾ കാരണം ആ ശുദ്ധ ആര്യധർമം വികലമാക്കപ്പെട്ടു. മുഹമ്മദ് നബിയുടെ ജനനസമയത്ത് ആര്യധർമത്തിന് സംഭവിച്ച ച്യുതിയാണ് വ്യാസമഹർഷി വ്യക്തമാക്കിയത്. മ്ലേഛധർമത്തിന്റെ (ഇസ്‌ലാം) പ്രത്യേകത, വ്യാസമഹർഷിതന്നെ വ്യക്തമാക്കുകയുണ്ടായി.

ഭവിഷ്യപുരാണം പർവം 111:1,4, 21-23-ൽ ഇങ്ങനെ കാണാം:

"ഇന്ത്യയിലെ ഏഴ് പരിശുദ്ധ നഗരങ്ങളിൽ അഴിമതിയും അനാചാരങ്ങളും സാർവത്രികമായിരിക്കുന്നു. രാക്ഷസന്മാരും ഷബാറുകളും ബില്ലുകളും മറ്റു പാമരന്മാരായ ജനങ്ങളും ഇന്ത്യയിൽ വസിക്കുന്നവരാകുന്നു. മ്ലേഛന്മാരുടെ നാട്ടിൽ മ്ലേഛധർമ(ഇസ്‌ലാം)ത്തിന്റെ വക്താക്കൾ വിവേകികളും ധൈര്യശാലികളുമാകുന്നു. മുസ്‌ലിംകളിൽ എല്ലാ സൽസ്വഭാവങ്ങളും കാണപ്പെടുന്നു. ആര്യൻ രാജ്യങ്ങളിൽ എല്ലാ തിന്മകളും ഒത്തുകൂടിയിരിക്കുന്നു. ഇസ്‌ലാം ഇന്ത്യയെയും അയൽ ദ്വീപുകളെയും ഭരിക്കും. ഓ! മുനീ! ഇതെല്ലാം അറിയിക്കപ്പെട്ടുവല്ലോ. അതുകൊണ്ട് അങ്ങയുടെ രക്ഷിതാവിനെ പുകഴ്ത്തിയാലും."

## അഥർവവേദത്തിലെ പ്രവചനങ്ങൾ

ബ്രഹ്മവേദമെന്ന് അറിയപ്പെടുന്ന അഥർവവേദം, ദൈവികമെന്ന് ഹിന്ദുക്കൾ വിശ്വസിക്കുന്നു. 5987 മന്ത്രങ്ങളുള്ള അഥർവവേദം, (ഇവയിൽ ചിലത് പദ്യരൂപത്തിലാണ്) സവിതാസത്യധർമം (ഈശ്വരന്റെ അസ്തിത്വത്തിന്റെ നിയമമാണ് സത്യം) എന്ന് ഉദ്ഘോഷിക്കുന്നു. നരകത്തെപ്പറ്റിയും സ്വർഗത്തെപ്പറ്റിയും വിശദീകരിക്കുന്ന അഥർവവേദം, യുദ്ധം എങ്ങനെ നടത്തണമെന്നും മാരകരോഗങ്ങൾ എങ്ങനെ ചികിത്സിക്കണമെന്നുകൂടി പഠിപ്പിക്കുന്നുണ്ട്. ഇതുകൊണ്ടായിരിക്കാം മുണ്ഡകോപനിഷത്തിൽ അഥർവവേദത്തെ ബ്രഹ്മവിദ്യ, അഥവാ ദൈവിക ജ്ഞാനമെന്ന് വിശേഷിപ്പിച്ചത്.

ഈജിപ്തിലും ബാബിലോണിയയിലും ആധുനിക കാലത്ത് നടത്തപ്പെട്ട ഉൽഖനനത്തിൽനിന്ന് മനസ്സിലാകുന്നത്, ബൈബിളിന്റെ യഥാർഥ സ്രോതസ്സുകൾ ബാബിലോണിയൻ റ്റാബ്ലിറ്റുക(Babylonian Tablcts)ളാണെന്നാണ്. ബാബിലോണിയൻ വേദഗ്രന്ഥങ്ങളിൽനിന്നാണ് വേദങ്ങളിലെ മുഖ്യവിഷയങ്ങളും കടമെടുത്തിട്ടുള്ളത്.

ഇത്തരുണത്തിൽ ബനാറസ് ഹിന്ദു സർവകലാശാലയിലെ ഡോക്ടർ പ്രാൺനാഥ് 1935-ൽ ടൈംസ് ഓഫ് ഇന്ത്യയിൽ, ബൈബിളും വേദവും ഈജിപ്തും തമ്മിലുള്ള ബന്ധത്തെപ്പറ്റി എഴുതിയ ലേഖനം പ്രത്യേകം ശ്രദ്ധേയമാണ്.

ഈജിപ്തിനെപ്പറ്റിയും ബാബിലോണിനെപറ്റിയും രാജാക്കന്മാരെപ്പറ്റിയും അവരുടെ യുദ്ധങ്ങളെപ്പറ്റിയും ഋഗ്വേദത്തിൽ വിവരിച്ചിട്ടുണ്ടെന്ന ആ ലേഖനത്തിലെ പരാമർശം ചരിത്രദൃഷ്ട്യാ പ്രാധാന്യമർഹിക്കുന്നു.

## അഥർവവേദത്തിലെ കുന്തവഃ സൂക്തം

അഥർവവേദത്തിലെ 20-ാം അധ്യായത്തിലെ ചില സൂക്തങ്ങളെ കുന്തവഃ സൂക്തങ്ങളെന്നാണ് വിളിക്കുന്നത്. എല്ലാ വർഷാവസാനവും ഹിന്ദു പണ്ഡിറ്റുകൾ കൂടിയിരുന്ന് ഈ സൂക്തം പ്രത്യേകം ഉരുവിടുന്നതിൽനിന്നു തന്നെ ഇതിന്റെ പ്രാധാന്യം ഊഹിക്കാം. കൂടാതെ വൻസമ്മേളനങ്ങളിലും പ്രത്യേക പ്രാർഥനകളിലും ഈ മന്ത്രം ജപിക്കാറുണ്ട്.

കുന്തവഃ എന്ന പദത്തിന് 'ദുഃഖങ്ങളെയും ദുരിതങ്ങളെയും ദൂരീകരിക്കുന്നവൻ' എന്നർഥം കാണാം. സപ്ത ദുഃഖങ്ങളിൽനിന്നെല്ലാം മനുഷ്യനെ മോചിപ്പിക്കുന്ന ഒരു വ്യക്തിയെപ്പറ്റിയുള്ള പരാമർശം ഉള്ളതുകൊണ്ടാണ് ഈ സൂക്തത്തിന് കുന്തവഃ സൂക്തം എന്ന പേര് വന്നത്.

ഇസ്‌ലാമിന്റെ സന്ദേശവും മുഹമ്മദ് നബിയുടെ അധ്യാപനങ്ങളും വസ്തുനിഷ്ഠമായി വിലയിരുത്തുമ്പോൾ, ലോകത്തുള്ള സമസ്ത ദുഃഖങ്ങൾക്കും പരിഹാരമായിട്ടാണ് ഇസ്‌ലാം വന്നതെന്ന് കാണാൻ കഴിയും. ഇസ്‌ലാം എന്ന പദം തന്നെ ഈ ലക്ഷ്യം ദ്യോതിപ്പിക്കുന്നു:

കുന്തവഃ എന്ന പദത്തിന് 'ഉദരത്തിലെ ഒളിഞ്ഞു കിടക്കുന്ന ഗ്രന്ഥികൾ' എന്നർഥവും ഉണ്ട്. ഈ മന്ത്രങ്ങൾക്ക് ഈ അർഥം ഉണ്ടായത് അവയുടെ നിഗൂഢമായ അർഥത്തെ സൂചിപ്പിക്കാൻ വേണ്ടി കൂടിയാകാം. കൂടാതെ അതിന്റെ അർഥം ഭാവിയിൽ പുലരേണ്ടതുകൊണ്ടുമാകാം.

ഇനി നമുക്ക്, ഈ സൂക്തത്തിന്റെ നിഗൂഢതയെ അനാവരണം ചെയ്യാൻ ശ്രമിക്കാം. ഈ സൂക്തം ഭൂമിയുടെ നാഭിയുമായി –കേന്ദ്രബിന്ദുവുമായി– ബന്ധപ്പെട്ടതാണെന്ന് കാണാൻ കഴിയും.

മക്കാ പട്ടണത്തിന് 'ഉമ്മുൽഖുറാ' (പട്ടണങ്ങളുടെ മാതാവ്) അല്ലെങ്കിൽ ഭൂമിയുടെ നാഭി എന്നൊക്കെ അർഥമുള്ളതായി കാണാം. ദൈവാരാധനക്കായി ഭൂമിയിൽ നിർമിക്കപ്പെട്ട ആദ്യഗേഹവും ഇവിടെയായിരുന്നു. ഖുർആൻ ഈ കാര്യം വ്യക്തമാക്കിയിട്ടുണ്ട്.

ഖുർആനിൽ മക്കാ പട്ടണത്തിന് രണ്ട് പദങ്ങൾ ഉപയോഗിച്ചതായി കാണാം– ബക്ക എന്നും മക്ക എന്നും. ബക്ക എന്ന പദത്തിന് വക്ഷസ്സ്, സ്തനം എന്നൊക്കെ അർഥം കൊടുക്കാം. മക്ക എന്ന പദത്തിന് അടിവയറ്, ഉദരം എന്നും അർഥം നൽകാവുന്നതാണ്.

ഒരു കുഞ്ഞ് മാതാവിൽനിന്ന് വളർച്ചക്കാവശ്യമായ പോഷകങ്ങൾ സ്വീകരിക്കുന്നത് ഉദരത്തിൽനിന്ന് അഥവാ പൊക്കിൾക്കൊടിയിൽനിന്നും പ്രസവശേഷം സ്തനത്തിൽനിന്നുമാണ്.

കുന്തവഃ എന്ന പദം, മക്കക്കോ ബക്കക്കോ പകരം നിൽക്കുന്ന പദമാകുന്നു. മനുഷ്യവംശത്തിന് ആദ്യത്തെ ധാർമിക പോഷണം ലഭിച്ചതും ഇവിടെ നിന്നായിരുന്നു എന്നത് ഒരു ചരിത്രവസ്തുത മാത്രമാണ്.

ദീർഘകാലം ഈ കുന്തവ സൂക്തം ദുരൂഹമായിരുന്നു. ലാഹോർ ഡി.എ.വി കോളേജിലെ പ്രഫസറായിരുന്ന പണ്ഡിറ്റ് രാജാറാമും പ്രഫസർ ഗ്രിഫ്ത്തും മാക്സ് മുള്ളറും, ഡോക്ടർ വൈറ്റ്നിയും (Whitney), എം. ബ്ലൂഫീൽഡും മറ്റു പണ്ഡിതന്മാരും കുന്തവഃസൂക്തം ഒരു പ്രഹേളികയായിത്തന്നെ കാണുകയുണ്ടായി. എന്നാൽ മുഹമ്മദ് നബിയുടെ ആഗമനത്തോടുകൂടി കുന്തവഃ സൂക്തം ഒരു കുഴക്കുന്ന പ്രശ്നമല്ലാതായിരിക്കുന്നു. ഉദരത്തിൽ ഒളിഞ്ഞുകിടന്നിരുന്ന ഗ്രന്ഥികൾ, ഇപ്പോൾ മനുഷ്യവംശത്തിന് പോഷണം നൽകുന്ന, സ്തനത്തിലൂടെ ഒഴുകുന്ന, ആ വെള്ള നിറത്തിലുള്ള ക്ഷീരമായി മാറിയിരിക്കുന്നു.

ഈ മന്ത്രത്തിന്, ബ്ലൂഫീൽഡും ഗ്രിഫ്ത്തും, പണ്ഡിറ്റ് രാജാറാമും പണ്ഡിറ്റ് ഖംഖരനും (അലഹബാദ്) അർഥം നൽകിയിട്ടുണ്ട്. അവരുടെ വ്യാഖ്യാനങ്ങളെ മൊത്തത്തിൽ ഇങ്ങനെ സംഗ്രഹിക്കാം:

"ജനങ്ങളേ! ബഹുമാനപുരസ്സരം ഇത് ശ്രദ്ധിക്കൂ! സ്തുത്യർഹൻ വാഴ്ത്തപ്പെടും. അല്ലയോ കൗരമാ(Kaurama), രുഷമാഷിന്റെ (Rushamas) ഇടയിൽനിന്നു നാം അറുപതിനായിരവും തൊണ്ണൂറും സ്വീകരിച്ചിരിക്കുന്നു" (കുന്തവഃസൂക്തം).

ഈ മന്ത്രത്തിന്റെ നാല് വ്യാഖ്യാനങ്ങളിൽ താഴെ പറയുന്ന നാല് വസ്തുതകൾ പരാമർശിക്കപ്പെട്ടതായി കാണാം.

1. ആരാണ് വാഴ്ത്തപ്പെട്ടവൻ. 2. അറുപതിനായിരവും തൊണ്ണൂറും എന്തിനെ സൂചിപ്പിക്കുന്നു. 3. എന്തുകൊണ്ട് ഈ കാര്യം ജനങ്ങൾ ബഹുമാനപുരസ്സരം ശ്രദ്ധിക്കണം. 4. 'രുഷമാഷും' 'കൗരമായും' എന്തിനെ സൂചിപ്പിക്കുന്നു?

പുരാതന ഇന്ത്യൻ ചരിത്രം ഈ മന്ത്രത്തിൽ പരാമൃഷ്ടമായ ഒന്നിലേക്കും വെളിച്ചം വീശുന്നില്ല. എന്നാൽ ഇസ്‌ലാമിന്റെ ആദ്യകാല ചരിത്രത്തിലേക്ക്, ഈ മന്ത്രം ശക്തിയായി വിരൽ ചൂണ്ടുന്നത് നമുക്ക് കാണാൻ കഴിയും.

മുഹമ്മദ് എന്ന പദത്തിന്റെ അർഥം വാഴ്ത്തപ്പെട്ടവൻ എന്നാകുന്നു.

ശിഅ്ബുബനീഹാശിമിലെ അബൂത്വാലിബിന്റെ വീട്ടിലായിരുന്നു നബിയുടെ ജനനം. നബി ജനിച്ചപ്പോൾ മാതാവ് കുട്ടിയുടെ പിതാമഹന്റെ അടുക്കലേക്ക് ആ സന്തോഷ വാർത്തയുമായി ആളെ അയച്ചു. അദ്ദേഹം കുട്ടിക്ക് മുഹമ്മദ് എന്ന് പേർ വിളിക്കുകയും ചെയ്തു. അറബികളുടെ ഇടയിൽ മുമ്പ് ഈ പേർ പ്രചാരത്തിലുണ്ടായിരുന്നില്ല.

അറുപതിനായിരം എന്നത് മക്കയിലെ ജനസംഖ്യയെ സൂചിപ്പിക്കുന്നു. അവർ ഭൂരിഭാഗവും നബി(സ)യെ എതിർക്കുകയുണ്ടായി. 'രുഷമാഷ്' എന്നത് നബി(സ)യുടെ ശത്രുക്കളെയാണ് സൂചിപ്പിക്കുന്നത്.

'കൗരമ' എന്നത് നബിയുടെ വിശേഷണമാണ്. അർഥം കുടിയേറിപ്പാർത്തവൻ, അല്ലെങ്കിൽ സമാധാനത്തെ പ്രോത്സാഹിപ്പിക്കുന്നവൻ.

കുന്തവഃ സൂക്തത്തിൽ വലിയ പ്രവചനങ്ങൾ ഉൾക്കൊള്ളുന്നതുകൊണ്ടാണ്, ഈ മന്ത്രം സശ്രദ്ധം ശ്രവിക്കാൻ ആവശ്യപ്പെട്ടത്. നാല് വേദങ്ങളിൽ ഇത്രയധികം താൽപര്യപൂർവം അഭിസംബോധന ചെയ്യപ്പെട്ട മന്ത്രങ്ങൾ വളരെ വിരളമാണ്.

ഈ മന്ത്രത്തിൽ ഉപയോഗിച്ച 'സ്തവിഷ്യതേ' എന്ന സംസ്കൃത പദം ഭാവികാല ക്രിയയാണ്. 'അവൻ വാഴ്ത്തപ്പെടും' എന്നാണർഥം.

ഒരു ലക്ഷത്തിൽപരം പ്രവാചകന്മാരിൽ മുഹമ്മദ് നബിയാണ് ഏറ്റവും കൂടുതൽ പുകഴ്ത്തപ്പെട്ട, വാഴ്ത്തപ്പെട്ട പ്രവാചകൻ എന്നത് ഒരു ചരിത്രയാഥാർഥ്യമത്രെ. എല്ലാ വേദഗ്രന്ഥങ്ങളും മുഹമ്മദ് നബിയുടെ ആഗമനത്തെപറ്റി ദീർഘദർശനം ചെയ്തത് ശ്രദ്ധേയമായ മറ്റൊരു വസ്തുതയാണ്. ശത്രുക്കളും മിത്രങ്ങളും ഒരുപോലെ നബി(സ)യെ പുകഴ്ത്തുകയുണ്ടായി. എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക മുഹമ്മദ് നബിയെ ഏറ്റവും കൂടുതൽ വിജയം വരിച്ച പ്രവാചകനെന്ന് പുകഴ്ത്തിപ്പറയുന്നു.

വേദഋഷി, 'നരാശംസസ്തവിഷ്യതേ' എന്നു പുകഴ്ത്തിയതിന്റെ അർഥം 'മുഹമ്മദ് പുകഴ്ത്തപ്പെടും, അദ്ദേഹം സ്തുത്യർഹനാകുന്നു' എന്നാണ്. മുഹമ്മദ് എന്ന പദത്തിന്റെ അർഥം ഈ മന്ത്രത്തിൽ പരാമർശിക്കപ്പെട്ട പദവുമായി പൂർണമായും യോജിക്കുന്നു.

പുകഴ്ത്തപ്പെട്ട, സ്തുത്യർഹനായ മുഹമ്മദിന്റെ

മറ്റൊരടയാളം അദ്ദേഹം 'കൗരമനാ'യിരിക്കും എന്നതാണ്. കൗരമൻ എന്നതിന്റെ പദാർഥം, നബിയുടെ ജീവിതത്തിലെ ഹിജ്റയെയും, സമാധാനത്തിനും ശാന്തിക്കും വേണ്ടി നിലകൊള്ളുന്ന ഇസ്‌ലാമിനെയും നബിയുടെ സമാധാനപ്രേമത്തെയും സൂചിപ്പിക്കുന്നു. കൂടാതെ 60000 –ത്തോളം ശത്രുക്കൾക്കിടയിലാണ്, അല്ലാഹു മുഹമ്മദ് നബിക്ക് പ്രത്യേകം സംരക്ഷണം നൽകിയത്. ഈ സംരക്ഷണം കൊണ്ടു മാത്രമാണ് നബിക്ക് വിജയം വരിക്കാൻ കഴിഞ്ഞത്. കുന്തവ സൂക്തത്തിലെ 'നരാശംസ' എന്ന പദം മുഹമ്മദ് നബിയെ കുറിക്കുന്നു എന്ന് കരുതാനേ ന്യായമുള്ളൂ.

കുന്തവഃ സൂക്തത്തിലെ രണ്ടാമത്തെ മന്ത്രത്തിന്റെ അർഥം ഇങ്ങനെയാണ്:

"അദ്ദേഹത്തെയും ഭാര്യമാരെയും അതിവേഗത്തിൽ ചലിക്കുന്ന, ഇണകളോട് കൂടിയ ഇരുപത് ഒട്ടകങ്ങളാണ് വലിക്കുന്നത്. ഒട്ടകം വലിക്കുന്ന ആ രഥം ആകാശവുമായി മുട്ടുമോ എന്ന ഭയത്താൽ, നമ്രമായിട്ടാണ് നിൽക്കുന്നത്. രഥത്തിന്റെ മേൽഭാഗം ആകാശത്തെ സ്പർശിക്കും വിധം ഉയരത്തിലാണ്."

കുന്തവഃ സൂക്തത്തിലെ ഒന്നാമത്തെ മന്ത്രത്തിൽ പരാമർശിച്ച വ്യക്തി തന്നെയാണ് ഇവിടെയും പരാമർശിക്കപ്പെട്ടിട്ടുള്ളത്. 'ഒട്ടകപ്പുറത്ത് യാത്ര ചെയ്യുന്ന അദ്ദേഹത്തിന്റെ രഥത്തിന്റെ ഉയരം ആകാശത്തോളം ഉയർന്നു നിൽക്കുന്നു' എന്ന പ്രസ്താവം പരിശോധിക്കുമ്പോൾ പല കാര്യങ്ങളും മനസ്സിലാക്കാൻ കഴിയും. ഒരു ഇന്ത്യൻ ഋഷി ഒട്ടകപ്പുറത്ത് യാത്ര ചെയ്യുമെന്ന് നാം പ്രതീക്ഷിക്കേണ്ടതില്ല. മാത്രമല്ല, മനുസ്മൃതി V: 8-18–ൽ, ഒട്ടകത്തിന്റെ പാലും മാംസവും ഇന്ത്യൻ ഋഷിക്ക് നിഷിദ്ധമാക്കിയിരിക്കുന്നത് ഇവിടെ സ്മരണീയമാണ്. കൂടാതെ 'ഒട്ടകപ്പുറത്തോ കഴുതപ്പുറത്തോ ബ്രാഹ്മണൻയാത്ര ചെയ്യുകയാണെങ്കിലും നഗ്നനായി സ്നാനം ചെയ്യുകയാണെങ്കിലും അയാൾ അശുദ്ധരാകും' എന്നും മനുസ്മൃതി പറയുന്നുണ്ട്. ഇതിൽനിന്ന് മനസ്സിലാകുന്നത്: പ്രസ്തുത മന്ത്രത്തിലെ ഋഷി ഇന്ത്യൻ ഋഷിയല്ല. അതേസമയം മുഹമ്മദ് നബിയുടെ പ്രധാന വാഹനം ഒട്ടകമായിരുന്നു എന്ന കാര്യത്തിൽ തർക്കവുമില്ല.

ഏറെ അടുത്തതു കാരണം ആകാശം മുട്ടുമോ എന്ന ഭയത്താൽ രഥം നമ്രമായി നിൽക്കുന്നു എന്ന മന്ത്രത്തിലെ പരാമർശം, ഉയർച്ചയുടെ പാരമ്യത്തിലും നബിയുടെ വിനയഭാവത്തെയും ദൈവഭയത്തെയും സൂചിപ്പിക്കുന്നതാവാം. വിജയവും വിനയവും വിസ്മയാവഹമാംവിധം ഒരുമിച്ചുചേർന്നതുകൊണ്ടാണല്ലോ അദ്ദേഹം ചരിത്രത്തിലെ അതുല്യ പുരുഷനായിത്തീർന്നത്.

## ബുദ്ധപ്രവചനങ്ങളിലെ മൈത്രേയയും മുഹമ്മദ് നബിയും

കിഴക്കൻ തീരത്തെ കട്ടാക്കിലെ ജഗനാഥിൽനിന്ന് 20 നാഴിക അകലെയുള്ള 'ധോളി'(Dhauli)യിൽനിന്ന് കിട്ടിയ കരിങ്കൽ പാറയിലെ ശിലാലിഖിതമാണ് ബുദ്ധനെപ്പറ്റിയുള്ള ശരിയായ ചിത്രം നമുക്ക് നൽകുന്നത്. ധോളി ശിലാലിഖിതം (Dhauli Inscritpion) എന്ന പേരിലാണ് ഇത് അറിയപ്പെടുന്നത്. ഈ രണ്ടു ശിലാരേഖകളും ബുദ്ധമതത്തെ പറ്റിയുള്ള തെറ്റിദ്ധാരണകളും ആശയക്കുഴപ്പങ്ങളും ഒരു പരിധിവരെ പരിഹരിക്കുന്നു. ഈ ശിലാലിഖിതങ്ങളിൽ, ഉല്ലേഖനം ചെയ്യപ്പെട്ട പദം 'ഇസാന' (ISANA) എന്നാണ്. അതിന്റെ അർഥം രക്ഷകൻ, ദൈവം, യജമാനൻ, സംരക്ഷകൻ എന്നൊക്കെയാണെന്നാണ് ശിവറാം ആപ്റ്റി(Shivaram Apti)യുടെ സംസ്കൃത–ഇംഗ്ലീഷ് നിഘണ്ടുവിൽ കാണുന്നത്.

ശിഷ്യന്മാർ തന്നെ സ്തുതിക്കുന്നത് ബുദ്ധൻ ഇഷ്ടപ്പെട്ടിരുന്നില്ല. ഒരിക്കൽ വത്സലശിഷ്യനായ സാരിപുത്രൻ (Sariputra) ഇങ്ങനെ പറഞ്ഞു: "മഹാത്മാവേ! അങ്ങയുടേതിനേക്കാൾ മഹത്വമേറിയ, ഗംഭീരമായ ഒരു മതം ഇതുവരെ ഉണ്ടായിട്ടില്ല. ഇപ്പോൾ ഇല്ല. ഇനി ഉണ്ടാവുകയുമില്ല." ബുദ്ധൻ സ്വതഃസിദ്ധമായ ശാന്തതയോടും നർമബോധത്തോടും ചോദിച്ചു: "ശരിയാണ് സാരിപുത്രാ. ഇതുവരെ ലോകത്തുണ്ടായിട്ടുള്ള എല്ലാ ബുദ്ധന്മാരെയും നിനക്കറിയാമോ?" 'ഇല്ല ഗുരോ'– സാരിപുത്രൻ പ്രതിവചിച്ചു. 'ഇനി വരാനിരിക്കുന്ന ബുദ്ധന്മാരെപ്പറ്റി നിനക്കറിയാമോ?' 'അറിയില്ല ഗുരോ.' 'എന്നാൽ സാരിപുത്രാ, ഇത്ര ധൈര്യമായി, സംശയലേശമന്യേ നിനക്ക് എങ്ങനെ അതു പറയാൻ കഴിഞ്ഞു?' (ഭാരതീയ പൈതൃകം ബുദ്ധന്റെ ജീവിതം, പേജ് 171).

ബുദ്ധൻ, സാരിപുത്രനോട് പറഞ്ഞു– കാകുസന്തയും (kakusandha) കൊണഗമനയും (konagamana) കസാപ്പയും (kasapa) ഇവിടെ ജീവിച്ചുകഴിഞ്ഞിരിക്കുന്നു. ഞാൻ പ്രാധാന്യമർഹിക്കുന്ന ഒരു ബുദ്ധനത്രെ. എന്നാൽ എന്റെ ശേഷം മൈത്രേയ (Maitreya) വരും. അതോടെ ഈ ഹർഷജ ചക്രം (പ്രവാചകശൃംഖല) അവസാനിക്കും. ഈയെത്തിയ ബുദ്ധൻ, ബുദ്ധന്മാരിൽ പരമോന്നത പദമലങ്കരിക്കുന്നവനും മനുഷ്യർക്കു നേതൃത്വം നൽകുന്നവനും വഴികാട്ടിയുമായിരിക്കും' (ബർമീസ് സ്രോതസ്സുകളിൽനിന്ന്).

ആനന്ദൻ അനുഗൃഹീതനായ ബുദ്ധനോട് പറഞ്ഞു–

'മഹാത്മാവേ! അങ്ങ് പോയിക്കഴിഞ്ഞാൽ ഞങ്ങളെ ആര് പഠിപ്പിക്കും?'

അപ്പോൾ ബുദ്ധൻ പറഞ്ഞു: "ഭൂമിയിൽ വന്ന ആദ്യത്തെയോ അവസാനത്തെയോ ബുദ്ധനല്ല ഞാൻ. പരിശുദ്ധനും ആത്മീയമായും സാന്മാർഗികമായും ഉയർന്ന ജ്ഞാന പ്രകാശനം ലഭിച്ചവനുമായ പ്രബുദ്ധനായ ഒരു ബുദ്ധൻ യഥാസമയം വരും. സ്വഭാവം കൊണ്ടും തത്വജ്ഞാനം കൊണ്ടും അതുല്യനായിരിക്കും അദ്ദേഹം. മനുഷ്യർക്കും മാലാഖമാർക്കും നേതാവായിരിക്കും അദ്ദേഹം. ഞാൻ നിങ്ങൾക്കു വെളിവാക്കിത്തന്ന അതേ ദിവ്യസത്യങ്ങൾ അദ്ദേഹവും നിങ്ങളെ പഠിപ്പിക്കും. ഉൽപത്തികൊണ്ടും ഉച്ചാവസ്ഥകൊണ്ടും ഉന്നംകൊണ്ടും അദ്ദേഹം കൊണ്ടുവരുന്ന ജീവിതപദ്ധതി യശസ്കരമായിരിക്കും. നിർമലമായതും സമ്പൂർണമായതുമായ ഒരു ജീവിതപദ്ധതിയായിരിക്കും അദ്ദേഹം പ്രബോധനം ചെയ്യുക. എനിക്കു ശതക്കണക്കിന് അനുയായികളുള്ളപ്പോൾ അദ്ദേഹത്തിന് സഹസ്രക്കണക്കിന് അനുയായികളുണ്ടായിരിക്കും."

അപ്പോൾ ആനന്ദൻ ചോദിച്ചു: "എങ്ങനെയാണ് ഞങ്ങൾ അദ്ദേഹത്തെ അറിയുക?"

ബുദ്ധൻ മറുപടി പറഞ്ഞു: "മൈതിയ എന്ന പേരി

ലായിരിക്കും അദ്ദേഹം അറിയപ്പെടുക" (സിലോൺ സ്രോതസ്സുകളിൽനിന്ന്–Gospel of Buddha by Carus).

ബുദ്ധന്റെ മറ്റു സംഭാഷണങ്ങളിൽ വരാൻ പോകുന്ന ബുദ്ധനെ മെത്തിയോ (Metteyyo) എന്നും അറാഹത്ത് (Arahet) എന്നും പരാമർശിച്ചിരിക്കുന്നു. ഇതിന്റെ അർഥം യഥാക്രമം ദയാലു എന്നും പരിദ്ധൻ എന്നുമാണ്.

ചൈനീസ്, സംസ്കൃത സ്രോതസ്സുകളിലും തിബത്തൻ സ്രോതസ്സുകളിലും 'മൈത്രിയ'യെപ റ്റിയുള്ള വിശേഷണങ്ങളും, ആഗമനത്തെപറ്റിയുള്ള പ്രവചനങ്ങളും കാണാൻ കഴിയും.

ചൈനീസ് സംസ്കൃത സ്രോതസ്സുകളിൽ മൈത്രിയയുടെ ശരീരം സ്വർണ നിറത്തിലുള്ളതും തിളക്കമുള്ളതുമാണെന്നും, ഗൃഹം വിട്ടുപോകുന്നതോടെ പരിപൂർണ ബുദ്ധനായിത്തീരുന്നവനുമാണെന്ന് പറഞ്ഞിരിക്കുന്നു.

ബുദ്ധമത ഗ്രന്ഥങ്ങളിലെല്ലാം ബുദ്ധൻ ദീർഘദർശനം ചെയ്ത 'മൈത്രിയ' വ്യത്യസ്ത ഭാഷകളിൽ അൽപ സ്വൽപ വ്യത്യാസങ്ങളോടെ പരാമർശിക്കപ്പെട്ടതു കാണാം. സംസ്കൃതത്തിൽ മൈത്രിയ (Maitreya)യെന്നും പാലിയിൽ മെതയ്യ(Metteyya)യെന്നും ബർമീസ് ഭാഷയിൽ അരമേദിയ(Aramidea)എന്നും ചൈനീസ് ഭാഷയിൽ മൈതാലിയ(Meitaliya) എന്നും തിബത്തൻ ഭാഷകളിൽ മേതാലിയ (Meita-liya) എന്നും ജപ്പാനീസ് ഭാഷകളിൽ 'മിറോകു' (Miroku) എന്നുമാണ് പരാമർശിക്കപ്പെട്ടിട്ടുള്ളത്.

ഇനി നമുക്ക് പാലിയിലെ മെതയ്യ(Metteyya)യുടെ ഇംഗ്ലീഷ് സമാനാർഥം നോക്കാം.

1. സ്നേഹശിക്ഷകൻ (Techer- of Love) മാക്സ് മുള്ളർ. 2. സ്നേഹത്തിന്റെ പ്രഭു (Lord of Love) എ. ധർമപാൽ. 3. ദയാശീലൻ (he whose name is kindness) കാറസ്. 4. ഉദാരബുദ്ധൻ (Buddha of kindness) റൈസ് ഡേവിഡ്സ്. 5. സാർവലൗകിക പ്രേമം (Universal Love) എൽ. നറാസു. 6. സാഹോദര്യത്തിന്റെ ബുദ്ധൻ (Buddha of brotherly love) ലില്ലി. 7. സൗഹൃദത്തിന്റെ ബുദ്ധൻ (Buddha of friendlines) ഫോസ്ബോൾ. 8. കരുണയുള്ളവൻ (Merciful) വില്യം സ്റ്റീഡ്.

മെതയ്യയുടെ ഇംഗ്ലീഷ് സമാനാർഥം മനസ്സിലാക്കി മൈത്രിയയുടെ അറബിക് സമാനാർഥ പദം അന്വേഷിക്കുകയാണെങ്കിൽ 'റഹ്മത്ത്' എന്ന പദം അതുൾക്കൊള്ളുന്നതായി കാണാൻ കഴിയും. റഹ്മത്ത് എന്ന പദത്തിന് loving, kindness, friendliness, compassion, mercy, benevolence എന്നീ അർഥങ്ങളെല്ലാം യോജിക്കും.

അർറഹ്മാൻ, അർറഹീം എന്നീ പദങ്ങൾ റഹ്മത്ത് എന്ന പദത്തിൽനിന്ന് വ്യുൽപദിപ്പിക്കപ്പെട്ടതാണ്.

റഹ്മത്ത് എന്ന പദം പൂർണമായും മെതയ്യ (Metteyya) എന്ന പദത്തിന്റെ അർഥം ഉൾക്കൊള്ളുന്നു എന്നത് ഭാഷാപരമായി അംഗീകരിക്കപ്പെട്ട വസ്തുതയാണ്.

മെതയ്യ (Metteyya) എന്ന പദം മെത (Metta) എന്ന പദത്തിൽനിന്ന് വ്യുൽപന്നമായതാണ്. മേത സൂക്ത (Mette Sutta)ത്തിൽ ഇങ്ങനെ കാണാം:

'ഒരമ്മ തന്റെ ജീവൻ തൃണവൽഗണിച്ചുകൊണ്ട് തന്റെ കുഞ്ഞിനെ രക്ഷിക്കാൻ ശ്രമിക്കും പോലെ, എല്ലാവരും സഹജീവികളോട് ദയാവായ്പിൽ പെരുമാറട്ടെ.'

മൈത്രിയ ബുദ്ധൻ മുഹമ്മദ് നബി(സ)യാണെന്ന് സൂക്ഷ്മപരിശോധനയിൽ നമുക്ക് കാണാൻ കഴിയും.

ഖുർആനിൽ അൽഅമ്പിയാഅ് അധ്യായത്തിൽ 107–ാം സൂക്തത്തിന്റെ അർഥം താഴെ കൊടുക്കുന്നു.

"ലോകത്തിലെ ജനവിഭാഗങ്ങൾക്ക് ഒരനുഗ്രഹമായിട്ടുതന്നെയാണ് നിന്നെ (മുഹമ്മദ് നബിയെ) നാം അയച്ചിരിക്കുന്നത്".

സൂറ തൗബയിലെ 61–ാം സൂക്തം: "കപടവിശ്വാസികളിൽതന്നെ മറ്റൊരു വിഭാഗക്കാരുണ്ട്. അവർ നബിക്കു മനോവേദന ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. (ആരെന്തു പറഞ്ഞാലും) എല്ലാം കേൾക്കുന്നവനാണ് അദ്ദേഹമെന്ന് അവർ പറയുന്നു. (ഓ നബീ) നീ (അവരോട്) പറയുക; നിങ്ങളുടെ നന്മക്ക് വേണ്ടി മാത്രമാണ് എല്ലാം ചെവികൊടുത്ത് കേൾക്കുന്നത്. അദ്ദേഹം അല്ലാഹുവിൽ വിശ്വസിക്കുന്നു. യഥാർഥ വിശ്വാസികളെയും അദ്ദേഹം വിശ്വസിക്കുന്നു. നിങ്ങളിൽ സത്യവിശ്വാസം കൈക്കൊണ്ടവർക്ക് (അദ്ദേഹം മഹത്തായ) ഒരനുഗ്രഹമാണ്. (നിങ്ങളോർക്കണം) ദൈവദൂതന്നു മനോവേദന ഉണ്ടാക്കുന്നവർക്കു വേദനാജനകമായ ശിക്ഷയാണുള്ളത്.

പരിശുദ്ധ ഖുർആൻ പലതവണ മുഹമ്മദ് നബിയെ റഹ്മത്ത് (മൈത്രിയ) എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്. കൂടാതെ മുഹമ്മദ് നബി താൻ നിയോഗിക്കപ്പെട്ടത് കാരുണ്യത്തിന്റെ പ്രവാചകനായിട്ടാണെന്ന് പറഞ്ഞതായി ഹദീസുകളിൽ കാണാം. ഉഹുദ് യുദ്ധത്തിൽതന്നെ ദേഹോപദ്രവം ചെയ്ത ശത്രുക്കളെ ശപിക്കാൻ സഖാക്കൾ ആവശ്യപ്പെട്ടപ്പോൾ 'താങ്കൾ അയക്കപ്പെട്ടത് ശപിക്കാനല്ലെന്നും ദൈവത്തിലേക്ക് ക്ഷണിക്കാനും കാരുണ്യവാനായിട്ടുമാണെ'ന്നും അദ്ദേഹം പറയുകയുണ്ടായി. 'മൈത്രിയ'യെ വിശദീകരിക്കുന്ന ധാരാളം സംഭവങ്ങൾ നബിയുടെ ജീവിതത്തിലുണ്ട്. കാരുണ്യത്തിന്റെ പ്രവാചകനായിരുന്നു മുഹമ്മദ് നബിയെന്നത് ലോക ചരിത്രകാരന്മാർ മുഴുവൻ എടുത്തുപറഞ്ഞ കാര്യമാണ്. ●